കൊച്ചി പോലീസ്
KOCHI POLICE

# ലക്ഷങ്ങളുടെ ലഹരി വസ്തുക്കളുമായി ഒരാൾ അറസ്റ്റിൽ.

വിവിധ തരത്തിലുള്ള മാരകമായ ലഹരി വസ്തുക്കൾ വില്പന നടത്തുന്നയാളെ കൊച്ചി സിറ്റി ഡാൻസാഫും, തൃക്കാക്കര പോലീസും ചേർന്ന് പിടികൂടി. കണ്ണൂർ മോവൻഞ്ചേരി സഫീറ മൻസിൽ ഷബീറി (23) നെയാണ് അറസ്റ്റ് ചെയ്തത്.

ഇയാളിൽ നിന്നും **MDMA**, ഹാഷിഷ്, ഹാഷിഷ് ഓയിൽ, എക്സ്റ്റസി, നൈട്രോസെൻ ഗുളികകൾ, കഞ്ചാവ് എന്നിവ കണ്ടെടുത്തു. കൊച്ചിയിൽ ഫാഷൻ ഡിസൈനിംങ് പഠിക്കുന്ന കാലയളവിലാണ് ഇയാൾ മയക്കുമരുന്ന് ഉപയോഗിക്കുന്നത്. പിന്നീട വില്പനയിലേക്ക് തിരിയുകയായിരുന്നു. കേരളത്തിൽ വലിയവില ലഭിക്കുന്ന ലഹരിവസ്തുക്കൾ ബാംഗ്ലൂരിലുള്ള മലയാളി സുഹൃത്തുക്കൾ വഴി കൊച്ചിയിലെത്തിച്ചും, നേരിട്ട് കൊണ്ടുവന്നു ഇയാൾ വില്പന നടത്തുന്നുണ്ട്. വ്യവസായ മേഖലയിലെയും, ഉന്നത വിദ്യാഭ്യാസ മേഖലയിലെയും യുവാക്കൾക്കാണ് ഇവ രഹസ്യമായി വിൽപ്പന നടത്തുന്നത്. ഇയാൾക്കെതിരെ പാലാരിവട്ടം സ്റ്റേഷനിൽ കേസ് നിലവിലുണ്ട്.

ഓണാഘോഷത്തോടനുബന്ധിച്ച് കഞ്ചാവും മയക്കുമരുന്നുകളും കൂടുതലായി അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നതായുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ജി. പൂങ്കുഴലി **IPS** ന്റെ നിർദ്ദേശപ്രകാരം ശക്തമായ പരിശോധനകൾ നടന്നുവരുന്നതിനിടയിലാണ് ഇയാൾ പിടിയിലായത്. ഡാൻസാഫ് എസ്.ഐ ജോസഫ് സാജൻ, തൃക്കാക്കര എസ്.ഐ. പി.പി. ജസ്റ്റിൻ എന്നിവരാണ് ഇയാളെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജാരാക്കി റിമാൻഡ് ചെയ്തു.

കൊച്ചിയിലും പരിസരപ്രദേശങ്ങളിലും രഹസ്യതാവളങ്ങളുണ്ടാക്കി ക്രിമിനൽ സ്വഭാവമുള്ള ഇത്തരക്കാർ പ്രവർത്തിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വില്പനക്കാരെ തടയുന്നതിനും, യുവാക്കളെയും, വിദ്യാർത്ഥികളെയും രക്ഷിക്കുന്നതിനും വേണ്ടി ഇങ്ങനെയുള്ള ആളുകളെ കുറിച്ച് വിവരം ലഭിച്ചാൽ **9497980430** എന്ന നമ്പറിൽ അറിയിക്കുക. അറിയിക്കുന്ന ആളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണെന്ന് ഡെപ്യൂട്ടി കമ്മിഷണർ അറിയിച്ചു.

